**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **23-01-2025 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-സ്മാർട്ട് പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന മുഴുവൻ സേവനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ടി സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന എല്ലാ സേവനങ്ങളും കെ-സ്മാർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ജനങ്ങൾക്കു ലഭിക്കുന്ന സേവനം സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | കെ-സ്മാർട്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റുകൾ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ മുൻഗണനാക്രമത്തിലാണോ തീർപ്പാക്കുന്നത്; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമപ്രകാരം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കെട്ടിട നിർമ്മാണ അനുമതി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ മാത്രം പെർമിറ്റ് നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കാർ തലത്തിൽ 20.06.2007 ൽ 24136-ആർ.എ1/07/ത.സ്വ.ഭ.വ നം ആയി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ വിവിധതരം സേവനങ്ങൾ തീർപ്പാക്കാൻ സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയ പരിധി നിശ്ചയിച്ച് അപേക്ഷകൾ തീർപ്പാക്കി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വിവിധ വിഷയങ്ങളിലെ തീർപ്പാക്കാൻ സമയ പരിധി നിശ്ചയിച്ചുള്ള Service Level Agreement(SLA) സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ